തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട കർഷകത്തൊഴിലാളി, കയർ, കശുവണ്ടി, ബീഡി, പനമ്പ്, ഈറ്റ, തോട്ടം, ഖാദി, കൈത്തറി, തഴപ്പായനിർമ്മാണം, മൺപാത്ര നിർമ്മാണം എന്നീ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കും ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് 50 ദിവസമെങ്കിലും പണി ചെയ്തിട്ടുള്ളവർക്കും സംസ്ഥാന സർക്കാർ സബ്സിഡി നൽകി 2 രൂപ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തു വരുന്നു. ഇതിനായി 500 കോടി രൂപ 2010-11 വർഷത്തേക്ക് നീക്കി വച്ചിട്ടുണ്ട്. അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ കൂടാതെ മറ്റു അവശ്യവസ്തുക്കൾ കൂടി (പയർ, ഉഴുന്ന്, മുളക്, മല്ലി തുടങ്ങിയവ) റേഷൻ കടകൾവഴി വിറ്റഴിക്കുന്നതിന് ഉദ്ദേശം 354 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രോജക്ട് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ചെലവിന്റെ 25% കേന്ദ്രം വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ മൃഗസംരക്ഷണ വകുപ്പിലും, ക്ഷീരവികസന വകുപ്പിലും ഇതിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) ഇല്ല.

(സി) ഇല്ല. പരിഗണനയിലില്ല.

(ഡി) പൊതുവിതരണ സമ്പ്രദായംവഴി വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങൾ നിലവിൽ എഫ്സിഐയുടെ ഗോഡൗണുകളിലാണ് സൂക്ഷിക്കുന്നത്. കേന്ദ്ര അലോട്ട്മെന്റ് പ്രകാരമുള്ള അരിയുടെ ഒരു ഭാഗം സംസ്ഥാനത്ത് സംഭരിക്കുന്ന നെല്ല് കുത്തരിയാക്കി മാറ്റിയതിൽ നിന്നും നൽകുന്നു. സംസ്ഥാനത്തെ മൊത്തവ്യാപാരികൾ എഫ്.സി.ഐ.യിൽ നിന്നോ മില്ലുകളിൽ നിന്നോ ഓരോ മാസത്തെയും അലോട്ട്മെന്റ് പ്രകാരമുള്ള ഭക്ഷ്യ ധാന്യങ്ങൾ വിട്ടെടുക്കുന്നു. പൊതുവിതരണ വകുപ്പിന് നിലവിൽ സംഭരണശേഷി ഇല്ല. സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നത് കോർപ്പറേഷന് സ്വന്തമായിട്ടുള്ള ഗോഡൗണുകളിലും സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിലുമാണ്. ഇവയുടെ വിതരണത്തിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് ചില്ലറ വിൽപ്പന ശാലകൾ തുറന്ന് പ്രവർത്തിക്കിപ്പിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഭക്ഷ്യധാന്യ സംഭരണം സഹകാര്യ ഗോഡൗണുകളിൽ നിന്നും സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിലേക്ക് മാറ്റുന്നതിന് ആവശ്യമായ സ്ഥലം അനുവദിച്ചുതരണമെന്ന് വെയർഹൗസിംഗ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നെല്ലിന്റെ സംഭരണവില

82(T5760) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിന്റെ സംഭരണ വില അവസാനമായി വർദ്ധിപ്പിച്ചത് എന്നാണ് ; സംഭരണവില വർദ്ധിപ്പിക്കുന്നതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വർദ്ധന വരുത്തുമ്പോൾ അരിയുടെ വില പൊതുകമ്പോളങ്ങളിൽ എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) സംഭരണവിലയിൽ സംസ്ഥാനവിഹിതവും കേന്ദ്ര വിഹിതവും എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2009-10 സീസണിലാണ് അവസാനമായി നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചത്. കേന്ദ്രസർക്കാർ നെല്ലിന്റെ സംഭരണവില കിലോഗ്രാമിന് 9.00 രൂപയിൽ നിന്നും 10 രൂപയായി വർദ്ധിപ്പിച്ചപ്പോൾ തത്തുല്യമായി കേരള സർക്കാർ നെല്ലിന്റെ സംഭരണ വില 11 രൂപയിൽ നിന്ന് 12 രൂപയായി വർദ്ധിപ്പിക്കുകയാണ് ഉണ്ടായത്. ഇതിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ഗുണനിലവാരം പാലിക്കേണ്ടതുണ്ട്.

(ബി) വർദ്ധന വരുത്തുമ്പോൾ അരിയുടെ വില പൊതുകമ്പോളത്തിൽ കി.ഗ്രാമിന് 20.50 രൂപയായിരുന്നു.

(സി) കേന്ദ്രം കി. ഗ്രാമിന് 10 രൂപ സംഭരണ വില നൽകുമ്പോൾ 2 രൂപ അധികം സംസ്ഥാനത്തെ കർഷകർക്ക് നൽകി 12 രൂപയ്ക്കാണ് സംസ്ഥാന സർക്കാർ നെല്ല് സംഭരിക്കുന്നത്.

സംഭരിക്കുന്ന നെല്ല് കുത്തരിയാക്കി റേഷൻ കടകളിലൂടെ വിതരണം നടത്തുന്ന പദ്ധതി

83 (5761) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുനിന്നും സർക്കാർ സംഭരിക്കുന്ന നെല്ല് കുത്തരിയാക്കി റേഷൻ ചില്ലറ വിൽപ്പന വ്യാപാരികൾവഴി വിതരണം നടത്തുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി എന്ന നിലയിൽ സപ്ലൈകോ ഈ രംഗത്ത് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത് ;

(സി) 2009-10-ലെ ആദ്യവിളവെടുപ്പുകാലത്ത് ഏതൊക്കെ ജില്ലകളിൽ നിന്നും എത്ര മെട്രിക് ടൺ വീതം നെല്ല് സംഭരിക്കാനാണ് സപ്ലൈകോ ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ ലക്ഷ്യം കൈവരിക്കാൻ സപ്ലൈകോയ്ക്ക് കഴിയാത്ത സാഹചര്യത്തിൽ ഈ രംഗത്ത് സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly